**No. 190/2018**

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരെ,

ദൈവത്തിന്റെ അളവറ്റ കൃപയാലും നമ്മുടെ ജനങ്ങൾ അകമഴിഞ്ഞ് നൽകുന്ന സഹായങ്ങളാലും നമ്മുടെ രണ്ടു സെമിനാരികളും അഭിവൃദ്ധിപ്പെട്ടുവരുന്നതിൽ ദൈവത്തെ സ്തുതിക്കാം. കോട്ടയത്തുള്ള പഴയസെമിനാരിയിൽ ബി. ഡി. ഡിഗ്രിക്ക് 141 വിദ്യാർത്ഥികളും നാഗ്പ്പൂർ സെന്റ് തോമസ് സെമിനാരിയിൽ 82 വിദ്യാർത്ഥികളും ഉണ്ട്. ഇതുകൂടാതെ പഴയ സെമിനാരിയിൽ മാസ്റ്റർ ഡിഗ്രിക്കും, ഡോക്ടറേറ്റിനും ഇതര സഭാംഗങ്ങൾ ഉൾപ്പെടെ 50 വിദ്യാർത്ഥികളും പഠിക്കുന്നുണ്ട്. കോട്ടയം സെമിനാരിയുടെ ചുമതലയിൽ പഴയസെമിനാരിയുടെ ദ്വിശതാബ്ദി ജൂബിലി സുവനീർ പ്രസിദ്ധീകരിച്ചു. സഭാവിജ്ഞാനകോശം പുന:പ്രസിദ്ധീകരിച്ചു. സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ പണി പൂർത്തിയാക്കാനുണ്ട്. ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിയിൽ സെറാംപൂർ സർവ്വകലാശാലയുടെ അംഗീകാരമുള്ള ഡിപ്ലോമാ ഇൻ ലിറ്റർജിക്കൽ മ്യൂസിക്കിന്റെ പുതിയ ബാച്ചും, പ്രത്യാശാ കൗൺസലിംഗ് സെന്ററിൽ ഉയർന്ന നിലവാരത്തിലുള്ള ഒരു കൗൺസലിംഗ് കോഴ്സും ആരംഭിച്ചിട്ടുണ്ട്. നാഗ്പൂർ സെമിനാരി അത്മായർക്കായി ആരംഭിച്ച ഓൺലൈൻ കോഴ്സ് 'സത്യജ്യോതി' ആദ്യബാച്ചിന് സർട്ടിഫിക്കറ്റ് നൽകി. ആ കോഴ്സ് ഭംഗിയായി നടന്നു വരുന്നു. ലൈബ്രറിയുടെ ആധുനീകവൽക്കരണവും പൂർത്തിയായി.

പാശ്ചാത്യ ദേശങ്ങളിൽ വൈദിക പഠനത്തിന് വിദ്യാർത്ഥികളുടെ ലഭ്യത കുറവാണ്. എന്നാൽ ദൈവകൃപയാൽ നമ്മുടെ സാഹചര്യം വ്യത്യസ്തമാണ്. ഇന്നും അനേക വിദ്യാർത്ഥികൾ വൈദിക ശുശ്രൂഷയ്ക്ക് താല്പര്യം ഉള്ളവരായിട്ടുണ്ട്. എന്നാൽ ലോകത്തിന്റെ പ്രലോഭനങ്ങൾക്ക് വശംവദരാകാത്ത ആഴമേറിയ ദൈവാശ്രയമുള്ള വിദ്യാർത്ഥികളെ നാം കണ്ടെത്തി നല്ല പരിശീലനം നൽകേണ്ടിയിരിക്കുന്നു.

ഈ വർഷം ഒക്ടോബർ 7 ഞായറാഴ്ചയാണ് സെമിനാരിദിനം. അന്നേദിവസം എല്ലാ പള്ളികളിലും വി. കുർബ്ബാനമദ്ധ്യേ സെമിനാരികൾക്കു വേണ്ടി പ്രാർത്ഥിക്കുകയും, അന്നത്തെ സെമിനാരി കവർ പിരിവിലും സ്തോത്രകാഴ്ചയിലും എല്ലാവരും സഹകരിക്കുകയും വേണം. ഒക്ടോബർ 7ന് വി. കുർബ്ബാനയില്ലാത്ത പള്ളികളിൽ, തൊട്ടടുത്ത് വി. കുർബ്ബാനയുള്ള പൊതു ആരാധനാദിവസം സെമിനാരികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും സെമിനാരികൾക്ക് സാമ്പത്തിക പിന്തുണ നൽകുകയും വേണം. കവർപിരിവിൽ ലഭിക്കുന്ന തുക മുഴുവനായും പല പള്ളികളും അയച്ചുകൊടുക്കുന്നില്ല എന്ന വസ്തുത നമ്മുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് ദൈവനീതിക്കെതിരായ പാപമാണെന്ന് തിരിച്ചറിയണം. കവർ പിരിവും സെമിനാരി ദിനത്തിലെ കാണിക്കയും പ്രത്യേക സംഭാവനയും ചേർത്ത് ***പ്രിൻസിപ്പാൾ, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, പി. ബി. 98, കോട്ടയം, കേരള, 686001*** എന്ന വിലാസത്തിൽ ഒക്ടോബർ 31നു മുമ്പായി അയച്ചുകൊടുക്കണം. ലഭിക്കുന്ന തുക അവിടെ നിന്ന് ആനുപാതികമായി ഇരു സെമിനാരികൾക്കും വീതിച്ചു നൽകുന്നതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2018 ജൂലൈ മാസം 24-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.